## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭവന നിർമ്മാണ ധനസഹായം ലഭിയ്ക്കുന്ന ഗുണഭോക്താക്കൾ 12 വർഷത്തേയ്ക്ക് വസ്തു കൈമാറ്റം ചെയ്യുകയില്ലെന്ന് രജിസ്ട്രേഷൻ നടത്തുന്നത് - മൂന്നാം ഗഡു വിതരണം ചെയ്യുന്നതിന് മുമ്പായി മതിയാകും എന്ന നിബന്ധന ഭേദഗതി ചെയ്ത് നാലാം ഗഡു വിതരണം ചെയ്യുന്നതിന് മുമ്പായി മതിയാകുമെന്ന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം.1799 /13/തസ്വഭവ തിരുവനന്തപുരം, തീയതി: 08.07.2013.

==========================================================================

പരാമർശം:- 1) സ.ഉ(സാധാ)നം.769/2013/തസ്വഭവ തീയതി 23.03.2013.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26.06.2013-ലെ 2.5 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഭവന നിർമ്മാണ ധനസഹായം ലഭിയ്ക്കുന്ന ഗുണഭോക്താക്കൾ 12 വർഷത്തേയ്ക്ക് വസ്തു കൈമാറ്റം ചെയ്യുകയില്ലെന്ന് രജിസ്ട്രേഷൻ നടത്തുന്നത് മൂന്നാം ഗഡു വിതരണം ചെയ്യുന്നതിന് മുമ്പായി മതിയാകുമെന്ന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇ.എം.എസ്. ഭവന പദ്ധതിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ചെയ്തിരുന്നത് പോലെ പുതിയ ഭവന പദ്ധതികൾക്കും ഇളവ് അനുവദിയ്ക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതും, ആയതിന്മേൽ ഉത്തരവുണ്ടാകുന്നതിലെ കാലതാമസം കണക്കിലെടുത്ത് രജിസ്ട്രേഷൻ നടത്തുന്നത് നാലാം ഗഡുവിതരണം ചെയ്യുന്നതിന് മുമ്പായി മതിയാകുമെന്ന് ഭേദഗതി ചെയ്യാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഭവന നിർമ്മാണ ധനസഹായം ലഭിയ്ക്കുന്ന ഗുണഭോക്താക്കൾ 12 വർഷത്തേയ്ക്ക് വസ്തു കൈമാറ്റം ചെയ്യുകയില്ലെന്ന് രജിസ്ട്രേഷൻ നടത്തുന്നത് നാലാം ഗഡു വിതരണം ചെയ്യുന്നതിന് മുമ്പായി മതിയാകുമെന്ന് ഭേദഗതി ചെയ്ത് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സി. വൽസല**

ഗവ.ജോയിന്റ് സെക്രട്ടറി

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

(....2)

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
സെക്രട്ടറി, സഹകരണ വകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
രജിസ്ട്രാർ, സഹകരണ സംഘം
ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.
കമ്മീഷണർ ആന്റ് സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ യൂണിറ്റ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ/ജനറൽമാർക്കും
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ &ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഗ്രാമവികസന -ആസൂത്രണ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ (ഡി.എ/ഡി.സി/ഡി.ഡി )വകുപ്പിന്.